**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **24-02-2022 - ൽ മറുപടിയ്ക്ക്**

**യുവാക്കളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവാക്കൾ മദ്യവും മറ്റ് ലഹരി ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നതു തടയുന്നതിനായി യുവജനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ രൂപീകരിച്ച് ജനങ്ങളുടേയും ജനപ്രതിനിധികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾക്കും രൂപം നൽകുക, നാടകങ്ങൾ, ലഘു വീഡിയോ ചിത്രങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയിലൂടെ ഈ വിപത്തിനെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക, കൂടാതെ ലഹരിക്കടിമപ്പെടുന്നവരെ ലഹരിമുക്തി കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ, യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യ-മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ പ്രചരണ പരിപാടികളും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ബോധവത്ക്കരണപരിപാടികളും സംസ്ഥാനത്തെ കോളേജുകളിലും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജനക്ലബുകൾ എന്നിവിടങ്ങളിലും നടത്തുന്നുണ്ട്. യുവാക്കളായ സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ ജില്ലയിൽ നിന്നും ഒരു ജില്ലാ കോ-ഓർഡിനേറ്റർ വീതവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2 സംസ്ഥാന കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്ത് പരിശീലനം നൽകി ഇവർ മുഖേന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നു. |
| (ബി) | ഈ വിഷയത്തിൽ പഞ്ചായത്ത് തലത്തിൽ | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | യുവജനകാര്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ